20
ബുധൻ
പേജ് - 6
ഡിസംബർ


# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol. 2 Issue 319

On the Battlefield for the Great Commission

690

# മതസ്വാതന്ത്ര്യം: അമേരിക്കയുടെ പ്രതിക്കൂട്ടിലാകുമോ ഇന്ത്യയും?




4

എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 20 ബുധൻ

## പ്രതിഷേധം പരിധിവിടുമ്പോൾ

സമകാലീക കേരളം പ്രതിഷേധ മുദ്രാവാക്യങ്ങളാൽ മുഖരിതമാണല്ലോ? ഒരു വശത്തുകൂടെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നവകേരള സൃഷ്ടിക്കായി വടക്കു മുതൽ തെക്ക് വരെ
നടത്തുന്ന നവകേരള യാത്രയ്ക്കെതിരെ ഉയരുന്ന പ്രതിഷേധം മറുവശത്ത് സർക്കാരിനെ പിന്തുണയ്ക്കുന്ന വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ കേരളാ ഗവർണ്ണർക്കെതിരെ നടത്തുന്ന കരിംകൊടി പ്രതിഷേധ പ്രകടനം. പ്രകടനങ്ങളെ നിയന്ത്രിച്ച്, ഭരണ കർത്താക്കൾക്കും പൗരന്മാർക്കും സുരക്ഷ ഒരുക്കേണ്ടുന്ന പോലീസിന്റെ വ്യത്യസ്ത സമീപനങ്ങളും ഒക്കെ ചർച്ചയ്ക്ക് വിഷയീഭവിക്കുമ്പോൾ സാമാന്യ ജനം നിസ്സംഗത പാലിക്കുന്നതായാണ് കാണുന്നത്.

പ്രതികരിക്കുന്നതോ, പ്രതികരണം പ്രതിഷേധത്തിലേക്കോ വഴി മാറുന്നതോ അല്ല ഇവിടുത്തെ പ്രശ്നം. അത് ഓരോ പൗരന്റേയും മൗലീക അവകാശമാണ്. എന്നാൽ ഇതിന് തെരഞ്ഞെടുക്കുന്ന മാർഗ്ഗമാണ് പ്രസക്തം. പ്രതിഷേധം ആക്രമണങ്ങളിലേക്കും, പൊതുമുതൽ നശിപ്പിക്കലിലേക്കും, പൗരന്റെ സ്വത്ത് സംരക്ഷണത്തിനും, ജീവനും ഒക്കെ ഭീഷണിയാകുന്ന തരത്തിലേയ്ക്കും വഴി മാറുന്നത് ഭൂഷണമല്ല. അപ്പോൾ തന്നെ സർക്കാർ ആണെങ്കിലും, ഗവർണ്ണർ ആണെങ്കിലും പ്രതിഷേധത്തെ ഭയക്കേണ്ടതില്ല. ഒരു ഭരണ കർത്താവും വിമർശനത്തിന് അതീതരല്ല എന്നതാണ് സാർവ്വലൗകീകമായ സത്യം.

ബൈബിൾ പ്രധിഷേധ സ്വരങ്ങളെ എങ്ങനെ കാണുന്നു എന്നത് ചിന്തനീയമാണ്. ചരിത്രത്തിലുടനീളം, പല പ്രവാചകന്മാരും ദൈവിക സന്ദേശങ്ങൾ നൽകുന്നതിന് അപ്പുറം പോയിട്ടുണ്ട് എന്ന സത്യം പലർക്കും അറിയില്ല. സാമൂഹിക അനീതികൾക്കും രാഷ്ട്രീയ അഴിമതിക്കും മത കാപട്യത്തിനും എതിരെ അവർ സജീവമായി പ്രതിഷേധിച്ചു.

ആമോസ് ഇസ്രായേലിലെ സമ്പന്നരുടെ ആഡംബര ജീവിതത്തെ വിമർശിക്കുക മാത്രമല്ല, ദരിദ്രർക്കും അവശത അനുഭവിക്കുന്നവർക്കും എതിരായ അനീതികളെ പരസ്യമായി അപലപിക്കുകയും സാമൂഹികവും സാമ്പത്തികവുമായ പരിഷ്കാരങ്ങൾക്ക് ആഹ്വാനം ചെയ്യുകയും ചെയ്തു.

മീഖാ യഹൂദയിലെ രാജാക്കന്മാരുടെയും ഉന്നതരുടെയും അത്യാഗ്രഹവും ചൂഷണവും ധാർമ്മിക തകർച്ചയും തുറന്നുകാട്ടിയ ശക്തനായ വിമർശകൻ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രതിഷേധങ്ങൾ വ്യാപകമായ സാമൂഹികവും മതപരവുമായ നവീകരണത്തിന് കാരണമായി.

യെശയ്യാവ് പലപ്പോഴും മിശിഹൈക പ്രവചനങ്ങളുമായി ബന്ധപ്പെട്ടിരുന്നെങ്കിലും, അദ്ദേഹം ഇസ്രായേലിലെയും യഹൂദയിലെയും നേതാക്കളുടെ കടുത്ത വിമർശകനായിരുന്നു, വിദേശ ശക്തികളുമായുള്ള സഖ്യത്തെയും ദുർബലരായവരെ അവഗണിച്ചതിനെയും താൻ അപലപിച്ചു.

'കരയുന്ന പ്രവാചകൻ' എന്നറിയപ്പെടുന്ന യിരെമ്യാവ്, യഹൂദയിലെ മതപരവും രാഷ്ട്രീയവുമായ ഉന്നതരെ അവരുടെ വിഗ്രഹാരാധനയ്ക്കും ദൈവത്തോടുള്ള അനുസരണക്കേടുകൾക്കും വെല്ലുവിളിച്ചു, ആത്യന്തികമായി തന്റെ പ്രതിഷേധത്തിന്റെ പേരിൽ പീഡനവും നേരിട്ടു.
സ്നാപക യോഹന്നാൻ, നിയമവിരുദ്ധമായ വിവാഹത്തിന് ഹെരോദ് അന്തിപ്പാസ് രാജാവിനെ ധൈര്യത്തോടെ ശാസിച്ചു, ഇത് അദ്ദേഹത്തെ തടവിലാക്കുന്നതിനും ഒടുവിൽ വധിക്കുന്നതിനും കാരണമായി.
യേശു അന്നത്തെ മത മേലാളൻമ്മാരുടെ അനീതികൾക്ക് എതിരെ സന്ധിയില്ലാ സമരം നയിച്ച വിപ്ലവ നായകനായിരുന്നു. ശബത്ത് ദിവസങ്ങളിലെ സൗഖ്യമാക്കൽ ഒരർത്ഥത്തിൽ പൗരോഹിത്യവൃന്ദങ്ങളുടെ അനാത്മീക പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതിഷേധമായിരുന്നു. എന്നാൽ ഇവയെല്ലാം പൊതുജന താല്പര്യാർത്ഥം ആയിരുന്നു. ഒരു പ്രതിഷേധവും പരിധി വിട്ടിരുന്നില്ല.



പാസ്റ്റർ സജി വർഗീസ്, മണിയാർ

# ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ ഒരുക്കുന്ന യൂത്ത് ക്യാമ്പ്

കോഴിക്കോട് :ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ ഒരുക്കുന്ന യൂത്ത് ക്യാമ്പ് ഡിസംബർ 26 മുതൽ 28 വരെ കോഴിക്കോട് സിറ്റിയിൽ എരഞ്ഞിപ്പാലം നവജ്യോതിസ് റിന്യൂവൽ സെന്ററിൽ നടക്കും. 'ഡിസ്കവർ ദ് പർപ്പസ് 'എന്നതാണ് ക്യാമ്പ് തീം ഡോ. സജികുമാർ കെ പി ഡോ. ജെയിംസ് ജോർജ് സുവി.ഉമ്മൻ പി ക്ലമെൻറ്സ് സുവി. സുനിൽ കുമാർ തുടങ്ങിയവർ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ നയിക്കും. ഇവാ. ബോബു ഡാനിയേൽ, പ്രിൻസ്. ടി, സുജാസ് റോയ് ചീരൻ, വിപിൻ കെ യു, ഫിലോസ് ജോൺ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകും.


## പ്രവാസജീവിതത്തിലെ തണൽ

ദുഃഖവും കഷ്ടതയും വേദനയും നിരാശയും നിറഞ്ഞ ഈ മരുഭൂമിയിലെ പ്രവാസജീവിതത്തിൽ താങ്ങായി തണലായി ബൈബിൾ ഇന്നും കൂടെയുണ്ട്. നിരാശയുടെ ഈ യാത്രയിൽ പ്രതീക്ഷയുടെ തണുത്ത മഞ്ഞുതുള്ളികൾ ബൈബിൾ വായിക്കുമ്പോൾ എനിക്ക് ലഭിക്കുന്നുണ്ട്. വേദനയിലൂടെ കടന്നുപോയ ഇസ്രായേൽ മക്കളെ ദൈവത്തിന്റെ സ്വന്തജനമാക്കി മാറ്റിയ ദൈവത്തിന് എന്നെയും നടത്തുവാൻ സാധിക്കുമെന്ന ആത്മവിശ്വാസമാണ് ബൈബിൾ എന്നെ ഏറെ ആകർഷിക്കുവാൻ കാരണം.



ജെറോൾഡ് സുജേഷ്
എസെക്കിയേൽ
സിഎസ്ഐ ചർച്ച്
ഷാർജ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ
എഴുത്തു മത്സരം




AL QTR TOURISM
Quality Tourism Resources

### പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

### Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

# ക്രൈസ്തവ വിശ്വാസിയെ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ



റാഞ്ചി:ജാർഖണ്ഡിൽ ക്രൈസ്തവ വിശ്വസിയെ മർദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തു. റാഞ്ചി ജില്ലയിൽ വൈകല്യമുള്ള പെൺകുട്ടിയെ ശാരീരികമായി ഉപദ്രവിച്ചു എന്നാരോപിച്ച് ഡിസംബർ 14നാണ് ഡേവിഡ് മിൻസ് എന്ന 35കാരനായ ആദിവാസി ഗോത്രവർഗക്കാരനെ വടികൊണ്ട് മർദിച്ച് കൊലപ്പെടുത്തിയത്. കൊല്ലപ്പെട്ട ഡേവിഡിന്റെ ഭാര്യ നൽകിയ പരാതിയിലാണ് ആറസ്റ്റ് രേഖപ്പെടുത്തിയത്. ഇവരെ ഡിസംബർ 22 വരെ റിമാൻഡ് ചെയ്തിരിക്കുകയാണ്.2021ൽ ജാർഖണ്ഡ് സർക്കാർ ആൾക്കൂട്ട ആക്രമണം തടയാൻ നിയമം പാസാക്കിയെങ്കിലും ആരും തന്നെ നിയമം പാലിക്കുന്നില്ല. ഇത് ക്രൈസ്തവർക്കേ നേരെ കരുതിക്കൂട്ടി നടത്തുന്ന ആക്രമണങ്ങൾ ആണെന്ന് ഗോത്രകത്തോലിക്കാ നേതാവ് കൂട്ടിച്ചേർത്തു. കൊല്ലപ്പെട്ട മിൻസ് ക്രിസ്തീയ ഗായകനായിരുന്നു. സംഭവത്തിൽ പെൺകുട്ടിയുടെ മൂന്ന് കുടുംബാംഗങ്ങൾ പങ്കാളികളാണെന്ന് മിൻസിന്റെ ഭാര്യ പറയുന്നു.

# മണിപ്പൂർ കലാപത്തിൽ കൊല്ലപ്പെട്ട ഗോത്ര വിഭാഗക്കാരുടെ കൂട്ട സംസ്കാരം നടന്നു



ഇംഫാൽ: മണിപ്പൂർ കലാപഭൂമിയിൽ കൊല്ലപ്പെട്ടിട്ടും സംസ്കാരത്തിന് സാഹചര്യം ഒരുങ്ങാതിരുന്ന 60ലേറെ ഗോത്ര വിഭാഗക്കാരുടെ കൂട്ട മൃതസംസ്കാരം ഇന്ന് ചുരാ ചാന്ദ്പൂരിൽ നടന്നു.

കൊല്ലപ്പെട്ടവരുടെ സംസ്കാരം ഓഗസ്റ്റ് മൂന്നിന് നടത്താനിരുന്നത് സംഘർഷത്തെ തുടർന്ന് ഹൈക്കോടതി തടഞ്ഞിരുന്നു. മെയ്തെയ് വിഭാഗക്കാരുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് കുക്കികളുടെ സംസ്കാരം നടത്തിയാൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് മുന്നറിയിപ്പുണ്ടായിരുന്നു. അതേ തുടർന്നാണ് കോടതി സംസ്കാരം സ്റ്റേ ചെയ്തത്.

മണിപ്പൂരിൽ കലാപത്തിന്റെ ആദ്യ ദിനങ്ങളിൽ ഇംഫാൽ താഴ്വരയിൽ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങളാണ് ഇന്ന് കൂട്ടത്തോടെ സംസ്കരിച്ചത്. സംസ്കാരം സംബന്ധിച്ച് ഒരേ ഗോത്രത്തിലെ ഇരുവിഭാഗങ്ങൾ തമ്മിൽ സംഘർഷം ഉണ്ടായതിനെ തുടർന്ന് ജില്ലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്റർനെറ്റും നിരോധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹങ്ങൾ മാട്ടായിലെ ഗോത്ര രക്തസാക്ഷി പാർക്കിന് സമീപം സാക്കേനിലാണ് സംസ്കരിക്കുന്നത്. സുപ്രീംകോടതി ഇടപെട്ടതിനെത്തുടർന്ന് കഴിഞ്ഞാഴ്ച മൃതദേഹങ്ങൾ ഹെലികോപ്റ്ററിൽ എത്തിക്കുകയായിരുന്നു. കുക്കി, സോമി സ്റ്റുഡന്റ് അസോസിയേഷനുകൾ തമ്മിൽ കഴിഞ്ഞദിവസം സംസ്കാരം സംബന്ധിച്ച് തർക്കമുണ്ടായെങ്കിലും പരിഹരിച്ചു. പ്രത്യേക ഭരണ പ്രദേശം ഉൾപ്പെടെ ഗോത്ര വിഭാഗത്തിന്റെ വിവിധ ആവശ്യങ്ങൾ അംഗീകരിക്കും വരെ മൃതദേഹങ്ങൾ സംസ്കരിക്കേണ്ടതില്ലെന്ന് ഒരു വിഭാഗം നിലപാടെടുത്തപ്പോൾ മൃതദേഹങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് മറുവിഭാഗവും പറഞ്ഞു. തുടർന്ന് നടന്ന സംഘർഷത്തിൽ സോമി വിഭാഗത്തിൽപ്പെട്ട ഒട്ടേറെ പേർക്കാണ് പരിക്കേറ്റത്.

ഗോത്രാചാരപ്രകാരം കുക്കി സംഘടന മാപ്പ് പറയുകയും സോമി ഗോത്ര സംഘടന അംഗീകരിക്കുകയും ചെയ്തു. ഇതേത്തുടർന്നാണ് ഇന്ന് കൂട്ട സംസ്കാരം നടന്നത്

# ഈവനിംഗ് ലൈറ്റ് ചർച്ച് ഓഫ് ഗോഡ് 59–ാമത് ജനറൽ കൺവൻഷൻ

ഈവനിംഗ് ലൈറ്റ് ചർച്ച് ഓഫ് ഗോഡ്( സായാഹ്ന ദീപം ദൈവസഭ ) 59–ാമത് ജനറൽ കൺവൻഷൻ ജനുവരി 11 മുതൽ 14 വരെ കരിക്കം ബെഥേൽ ടാബർനാക്കിളിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺ വർഗീസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജെയിംസ് ജോർജ് വെൺമണി, ഷമീർ കൊല്ലം,ഡോക്ടർ തോമസ് മാത്യു (മാരാമൺ)എന്നിവർ വചനപ്രഘോഷണം നടത്തും. വെള്ളി ശനി പകൽ ബൈബിൾ ക്ലാസ്, പൊതുയോഗങ്ങൾ, സഭാ മിനിസ്റ്റേഴ്സ് മീറ്റിംഗ്, യുവജന മീറ്റിംഗ് എന്നിവ ഉണ്ടായിരിക്കും. ഞായറാഴ്ച രാവിലെ 8 മണിക്ക് സ്നാന ശുശ്രൂഷയും 10 ന് സംയുക്ത സഭായോഗവും നടക്കും. സായാഹ്നദീപം ഗായകസംഘം ഗാന ശ്രുശ്രൂഷ നിർവഹിക്കും. പാസ്റ്റർമാരായ ബിജു ജെ വർഗീസ്, എം. അച്ചൻകുഞ്ഞ്, സി. ഐ.ജേക്കബ്, എം. ബാബു, ബ്രദർ റെജി കെ എന്നിവരുടെ നേതൃത്വത്തിൽ 40 അംഗ കമ്മറ്റി കൺവെൻഷന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി പ്രവർത്തിക്കുന്നു. പാസ്റ്റർ മാത്യു ജോസഫ് പബ്ലിസിറ്റി കൺവീനറായി പ്രവർത്തിക്കുന്നു.

# എഫ് പി സി സി ക്ക് പുതിയ ഭാരവാഹികൾ

ചിക്കാഗോ: വിവിധ പെന്തക്കോസ്തൽ സഭകളുടെ സംയുക്ത പ്രവർത്തന വേദിയായ ഫെല്ലോഷിപ് ഓഫ് പെന്തക്കോസ്റ്റൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ 2024 ലെ കൺവിനർ ആയി റെവ ഡോ വില്ലി എബ്രഹാമും ജോയിന്റ് കൺവീനർ ആയി പാസ്റ്റർ തോമസ് യോഹന്നാനും തിരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ 16ന് ഐ സി എ ജി യിൽ നടന്ന മാസയോഗത്തിന് മുൻപായി ചേർന്ന പാസ്റ്റർമാരുടെയും സഭ പ്രതിനിധികളുടെയും യോഗത്തിലാണ് ഇവരെ തിരഞ്ഞെടുത്തത്. ബ്രദർ ബിനോയ് ചാക്കോയെ മലയാളം മ്യൂസിക് കോർഡിനേറ്ററയും തിരഞ്ഞെടുത്തു. ഗുഡ് ഷേപ്പേർഡ് ഫെലോഷിപ്പ് ചർച്ചിന്റെ സീനിയർ പാസ്റ്റർ ആണ് കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട ഡോ വില്ലി എബ്രഹാം. ജോയിന്റ് കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് യോഹന്നാൻ ബഥനി പെന്തക്കോസ്ത് ചർച്ചിലെ സീനിയർ പാസ്റ്റർ ആണ്.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

## എത്യോപ്യ



തലസ്ഥാനം:
അഡിസ് അബാബ
ഭാഷ:
അംഹാരിക്
ജനസംഖ്യ:
126,527,060
പ്രസിഡണ്ട്:
സാഹ്ലെവർക് സെ്വഡെ
മതം :
ക്രിസ്തു മതം

### ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ

- ക്രിസ്തുവാണ് യഥാർത്ഥ സമാധാനമെന്ന് എത്യോപ്യയിലെ ജനം തിരിച്ചറിയാനായി പ്രാർത്ഥിക്കുക.
- രാജ്യത്ത് തൊഴിലില്ലായ്മ വർദ്ധിക്കുന്നു. വികസനത്തിനായി, അവരെ പിന്തുണയ്ക്കുന്ന മറ്റു രാജ്യങ്ങൾക്കായി പ്രാർത്ഥിക്കാം. എത്യോപ്യയുടെ പുനരുത്ഥാനത്തിനായി പ്രാർത്ഥിക്കുക.
- രാജ്യത്തേക്ക് കുടിയേറുന്ന ആളുകൾക്കായി പ്രാർത്ഥിക്കുക. ഇവരിൽ പലരും വിശ്വാസത്തിലേക്ക് വരുന്നു. തുടർന്ന് അവർ അനുഭവിക്കുന്ന സമ്മർദ്ധങ്ങളും ധാരാളം. അതിജീവിക്കാനുള്ള പ്രത്യാശയും ബൈബിൾ പരിജ്ഞാനവും പിന്തുണയും ആവശ്യമാണ്. പ്രാർത്ഥിക്കുക

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

Contact us: +91 98465 52220,
+91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

## നിത്യതയിൽ



ഓടനാവട്ടം: ശാരോൻ ഫെലോഷിപ്പ് ചർച്ച് യു കെ & അയർലണ്ട് റീജിയൺ ശുശ്രൂഷകനായ പാസ്റ്റർ സാംകുട്ടി പാപ്പച്ചന്റെ മാതാവും പരേതനായ പാപ്പച്ചൻ ദാനിയേലിന്റെ ഭാര്യയുമായ സാറാമ്മ പാപ്പച്ചൻ (75) നിത്യതയിൽ പ്രവേശിച്ചു.
ശാരോൻ ഫെലോഷിപ്പ് നോർത്ത് സെൻട്രൽ റീജിയൺ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ദാനിയേലും മണക്കാലാ സഭാംഗം ബ്രദർ ജേക്കബ് ദാനിയേലും പരേതയുടെ ഭർത്താവിന്റെ സഹോദരങ്ങളാണ്.

# തീവ്രവാദികളിൽ നിന്നും സർക്കാരിനോട് സംരക്ഷണം ആവശ്യപ്പെട്ട് കെനിയൻ ക്രൈസ്തവർ

നെയ്റോബി: ഇസ്ലാമിക തീവ്രവാദികളിൽ നിന്നും നിരന്തരമായി ഉണ്ടാകുന്ന ആക്രമണങ്ങളെ തുടർന്ന് സർക്കാരിനോട് സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് കെനിയയിലെ ക്രൈസ്തവ വിശ്വാസികൾ. കഴിഞ്ഞ ശനിയാഴ്ച ലാമു വെസ്റ്റ് സബ് കൗണ്ടിയിൽ അൽഷബാബ് തീവ്രവാദികൾ എന്ന് കരുതപ്പെടുന്ന അക്രമകാരികൾ മരാഫ, പൊറോമോക്കോ ഗ്രാമങ്ങളിൽ നടത്തിയ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും, ഒൻപതോളം ഭവനങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തു. അക്രമികൾ ഒരാളെ വെടിവച്ചാണ് കൊല്ലപ്പെടുത്തിയത്. ഇവിടെ സുരക്ഷ ശക്തമാക്കണമെന്നു പ്രദേശവാസികൾ ആവശ്യപ്പെട്ടു. തങ്ങൾ അന്വേഷണം നടത്തുകയാണെന്നും, സമൂഹത്തിന് സംരക്ഷണം നൽകുക എന്നത് തങ്ങളുടെ ഉത്തരവാദിത്തമാണെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആശങ്ക ശക്തമാണ്.

വൈന്നേരം ഏഴുമണിക്ക് ആക്രമണം ആരംഭിച്ച സമയത്ത് തന്നെ തങ്ങൾ പോലീസിനെ അറിയിച്ചിരുന്നുവെന്നും, എന്നാൽ വീടുകൾ തകർക്കപ്പെടുകയും, ഒരാളുടെ ജീവൻ നഷ്ടമാവുകയും ചെയ്തുവെന്ന്, കൊല്ലപ്പെട്ട വ്യക്തിയുടെ ബന്ധു ഫ്രാൻസിസ് മായി പറഞ്ഞു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ ആഭ്യന്തര മന്ത്രി, ആക്രമണം നടന്ന സ്ഥലം സന്ദർശിക്കാതെ സുരക്ഷാപ്രശ്നം ഇല്ലാത്ത സ്ഥലങ്ങളാണ് സന്ദർശിച്ചതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഒക്ടോബർ മാസം നടന്ന ആക്രമണത്തിന് ശേഷം, ഒരു മാസത്തെ ഇടവേള കഴിഞ്ഞാണ് ഇപ്പോൾ ആക്രമണം ഉണ്ടായിരിക്കുന്നത്.

ഓസ്ട്രേലിയ ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഇക്കണോമിക്സ് ആൻഡ് പീസ് പുറത്തുവിട്ട 2022ലെ ഗ്ലോബൽ ടെററിസം ഇൻഡ്ക്സിലെ റിപ്പോർട്ട് പ്രകാരം ലോകത്ത് ഭീഷണി വിതയ്ക്കുന്ന ഭീകരപ്രസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്താണ് അൽഷബാബ്. ഇക്കഴിഞ്ഞ ജൂൺ മാസത്തിനു ശേഷം ക്രൈസ്തവ വിശ്വാസികളെ ലക്ഷ്യംവെച്ച് നിരവധി ആക്രമണങ്ങൾ കെനിയയിലെ ലാമു വെസ്റ്റിൽ നടന്നിരുന്നു. ഇവിടെനിന്ന് നിരവധി ആളുകളാണ് പലായനം ചെയ്തത്. സുരക്ഷാ മന്ത്രാലയം വിഷയത്തിൽ ഇടപെടണമെന്ന് പ്രാദേശിക സർക്കാർ ദീർഘകാലമായി ആവശ്യപ്പെട്ടുവരികയാണ്.

## മതസ്വാതന്ത്ര്യം: അമേരിക്കയുടെ പ്രതിക്കൂട്ടിലാകുമോ ഇന്ത്യയും?




വാഷിംഗ്ടൺ ഡിസി: ലോകത്തിലെ ഏറ്റവും മോശമായ മതസ്വാതന്ത്ര്യ ലംഘകരുടെ പട്ടികയിൽ ഇന്ത്യാ ഗവൺമെന്റിനെ ഉൾപ്പെടുത്താൻ അമേരിക്കൻ മതസ്വാതന്ത്ര്യ നിരീക്ഷണ വിഭാഗം ബൈഡൻ ഭരണകൂടത്തോട് ആവശ്യപ്പെട്ടു. മതന്യൂനപക്ഷങ്ങളെയും അവർക്കുവേണ്ടി വാദിക്കുന്നവരെയും ലക്ഷ്യമിട്ടു ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളിൽ ആശങ്കാകുലരാണെന്ന് 'യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഓൺ ഇന്റർനാഷ്ണൽ റിലീജിയസ് ഫ്രീഡം (USCIRF) പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു. വിദേശത്തുള്ള ആക്ടിവിസ്റ്റുകൾ, പത്രപ്രവർത്തകർ, അഭിഭാഷകർ എന്നിവർ ഉൾപ്പെടെയുള്ളവരെ നിശബ്ദരാക്കാനുള്ള ഇന്ത്യൻ ഗവൺമെന്റിന്റെ സമീപകാല ശ്രമങ്ങൾ മതസ്വാതന്ത്ര്യത്തിന് ഗുരുതരമായ ഭീഷണിയാണെന്നും യുഎസ്സിഐആർഎഫ് വ്യക്തമാക്കി.

കടുത്ത മതസ്വാതന്ത്ര്യ ലംഘനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ അസഹിഷ്ണുത കാണിക്കുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യയെ യുഎസ് നിരീക്ഷിക്കുന്നുണ്ടെന്നതും ശ്രദ്ധേയമാണ്. യുഎസ്സിഐആർഎഫിന്റെ കമ്മീഷണറായ ഡേവിഡ് കറി പുറത്തിറക്കിയ പ്രസ്താവനയിൽ ആസൂത്രിതമായി അടിച്ചമർത്താൻ ഇന്ത്യൻ സർക്കാർ ആവർത്തിച്ച് ക്രൂരമായ നിയമനിർമ്മാണം ഉപയോഗിച്ചുവെന്നും പറയുന്നു. 1998ലെ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം ആക്ട് (IRFA) പ്രകാരമാണ് മറ്റ് രാജ്യങ്ങളിൽ മതസ്വാതന്ത്ര്യത്തിനോ വിശ്വാസത്തിനോ ഉള്ള സാർവത്രിക അവകാശം നിരീക്ഷിക്കുവാൻ അമേരിക്കൻ മതസ്വാതന്ത്ര്യ കമ്മീഷനു ഭരണകൂടം രൂപം നൽകിയത്.

നിലവിലെ ഭരണകൂടത്തിന്റെ തീവ്രഹിന്ദുത്വ നിലപാട് ക്രൈസ്തവർ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങൾക്കു വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഇന്ത്യയിൽ ദിനംപ്രതി ഏറ്റവും കുറഞ്ഞത് രണ്ടു ക്രൈസ്തവരെങ്കിലും ആക്രമിക്കപ്പെടുന്നുണ്ടെന്ന്! ക്രിസ്ത്യൻ മനുഷ്യാവകാശ സംഘടനയായ യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫോറം (യു.സി.എഫ്) അടുത്തിടെ വ്യക്തമാക്കിയിരിന്നു.

## ഹമാസുമായി വെടിനിർത്തൽ കരാറിന് തയാറെന്ന് യിസ്രയേൽ പ്രസിഡന്റ്

ടെൽ അവീവ് :ഹമാസുമായി വീണ്ടുമൊരു വെടിനിർത്തൽ കരാറിന് ഒരുക്കമെന്ന് യിസ്രയേൽ പ്രസിഡന്റ് ഐസക് ഹെർസോഗ്. 80 രാജ്യങ്ങളിൽനിന്നുള്ള അംബാസഡർമാർക്ക് ചൊവ്വാഴ്ച നൽകിയ വിരുന്നിലാണ് ഹെർസോഗിന്റെ തുറന്നുപറച്ചിൽ. കൂടുതൽ ബന്ദികളെ മോചിപ്പിക്കാൻ തയ്യാറാണെങ്കിൽ വെടിനിർത്തലിന് തയാറാണെന്നാണ് ഹെർസോഗ് പറയുന്നത്. യിസ്രയേലിന്റെ നിലപാട് മയപ്പെടുന്നു എന്ന് വിവിധ റിപ്പോർട്ടുകൾ നേരത്തെ വന്നിരുന്നെങ്കിലും ഒന്നിനും സ്ഥിരീകരണമുണ്ടായിരുന്നില്ല.

ഹമാസുമായുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത പുതുവത്സര ആഘോഷങ്ങൾ യിസ്രയേൽ റദ്ദാക്കിയിരുന്നു. അതിനുപകരമായി അംബാസഡർമാർക്കും നയതന്ത്ര സേനാംഗങ്ങൾക്കും നൽകിയ സ്വീകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഹെർസോഗ്. ”ബന്ദികളെ എത്രയും വേഗം മോചിപ്പിക്കുക എന്ന ലക്ഷ്യത്തിന് നേതൃത്വം നൽകിയതിന് അംഗരാജ്യങ്ങളോടും നേതാക്കളോടും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബന്ദികളെ മോചിപ്പിക്കുന്നതിന് യിസ്രയേൽ മറ്റൊരു മാനുഷിക വെടിനിർത്തലിനും മാനുഷിക സഹായത്തിനും തയ്യാറാണെന്ന വസ്തുത എനിക്ക് ആവർത്തിക്കാൻ കഴിയും. ഉത്തരവാദിത്തം പൂർണ്ണമായും സിൻവാറിനും ഹമാസിന്റെ നേതൃത്വത്തിനുമാണ്.' പരിപാടിയിൽ ഹെർസോഗ് പറഞ്ഞു. നവംബർ അവസാനത്തോടെ ഏഴുദിവസത്തെ വെടിനിർത്തൽ കരാറിന് യിസ്രയേൽ സമ്മതിച്ചിരുന്നെങ്കിലും അതിനുശേഷം വലിയ തോതിലുള്ള ആക്രമണമായിരുന്നു ഗാസയിൽ നടത്തിയത്. വെടിനിർത്തലിന് വേണ്ടിയുള്ള ചർച്ചകളിൽ നിന്നെല്ലാം യിസ്രയേൽ പുറംതിരിഞ്ഞ് നിൽക്കുകയായിരുന്നു. 240 ബന്ദികളിൽ 129 പേർ ഗാസയിൽ അവശേഷിക്കുന്നുണ്ടെന്നാണ് കരുതപ്പെടുന്നത്. ഇവരെ മോചിപ്പിക്കാൻ യിസ്രയേലി സർക്കാരിന് മേൽ വലിയ സമർദ്ദവുമുണ്ടായിരുന്നു.

## ക്രിസ്തു വിശ്വാസത്തിലേക്ക് കടന്നുവന്ന സാക്ഷ്യം പങ്കുവച്ച് ഹോളിവുഡ് താരം ഡാനിക്കാ മക്കെല്ലർ

ന്യൂയോർക്ക്: തന്റെ വിശ്വസ ജീവിതത്തിലേക്കുള്ള കടന്നു വരവിനു ശേഷമുള്ള സാക്ഷ്യം പങ്കുവച്ച് ഹോളിവുഡ് താരം ഡാനിക്കാ മക്കെല്ലർ. സ്റ്റേജ് കലാകാരി, അഭിനേത്രി, ഗ്രന്ഥരചയിതാവ് എന്നീ നിലകളിൽ കഴിവു തെളിയിച്ച മക്കെല്ലർ, ഒന്നര വർഷങ്ങൾക്ക് മുൻപാണ് ക്രിസ്തു വിശ്വാസം സ്വീകരിച്ചത്. സമീപകാലത്ത് ഗ്രേറ്റ് അമേരിക്കൻ ഫാമിലി എന്ന ചാനലിലെ ഒരു ടോക്ഷോയിൽവെച്ചാണ് തന്റെ ക്രിസ്തു വിശ്വാസത്തേക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും മനസ്സ് തുറന്നത്.



പരിശുദ്ധാത്മാവ് തന്നിലേക്ക് വന്നുവെന്ന് പറഞ്ഞ മക്കെല്ലർ അപ്പോഴാണ് ക്രിസ്തുവിൽ താൻ അതിശയകരമായ സ്വാതന്ത്ര്യം കണ്ടെത്തിയെന്നും തുറന്നു പറഞ്ഞു. കഴിഞ്ഞ വർഷം ഏപ്രിൽ 10ന് നടിയെ സുഹൃത്തായ കാൻഡസ് കാമറോൺ ബുറെ ഒരു ഷോയിൽ പങ്കെടുക്കുവാൻ വിളിച്ചതോടെയാണ് മക്കെല്ലറിന്റെ ഹൃദയത്തിൽ ക്രൈസ്തവ വിശ്വസം ഉടലെക്കുന്നത്. പിന്നീട് ബൈബിളിൽ നിന്നുള്ള ഒരു ഭാഗത്തെക്കുറിച്ച് ഇൻസ്റ്റാസ്റ്റോറികളിൽ നിന്നു വായിച്ചുവെന്നും തന്നെ പള്ളിയിലേക്ക് ക്ഷണിച്ചുവെന്നും താരം വെളിപ്പെടുത്തിയിരിന്നു. മക്കെല്ലറിന്റെ ആത്മീയയാത്രയുടെ തുടക്കത്തിൽ തന്നെ കാമറോൺ ബുറെ തനിക്ക് ഒരു ബൈബിൾ സമ്മാനിച്ചിരിന്നു.

## മലയാള സൗഹൃദ വേദിയുടെ ക്രിസ്തുമസ്സ് കരോൾ ഭവന സന്ദർശനം നടന്നു



റാസ് അൽ ഖൈമ: റാക്ക്സെസ് മലയാള സൗഹൃദ വേദിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് കരോൾ ഭവന സന്ദർശനം നടന്നു. ക്രിസ്തുമസ്സ് ദൂതിനൊപ്പം വിവിധ മതസ്ഥർ പങ്കു ചേർന്ന ഈ ചടങ്ങ് മതസൗഹാർദ്ദത്തിന്റെ വിളംബരം കൂടിയായി.മത്തായി സി.എം, വിനോദ്, അജി സക്കറിയ, ലാൽ ഗോവിന്ദ്, അനിൽ, മനു ശശിധരൻ, ശങ്കർ മഹേഷ് എന്നിവർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.


GILGAL
CHURCH OF GOD
SHARJAH, UAE
SPIRITUAL
EMPOWERING
SESSION &
CONVENTION
28 2023 DEC
THURSDAY
10:30 AM & 7:30 PM
SHARJAH
WORSHIP CENTER
10:30 AM
SPIRITUAL
EMPOWERING
SESSION
07:30 PM
CONVENTION
INAUGURATION
Rev. Dr. K. O. MATHEW
National Overseer
Chief Guest
Rev. Dr. M. A. VARGHESE
Senior Pastor, BAGC Banglore

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 319
20 Wednesday
Pages 6
690

